"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ- ജീവനക്കാര്യം - CCDU പ്രോജക്ടിലെ അക്കൗണ്ടന്റ് തസ്തികയെ കാറ്റഗറി-III യിൽ ഉൾപ്പെടുത്തി വേതനം അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1208/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/06/2020

പരാമർശം:- 1 26.02.2016-ലെ സ.ഉ.(പി.) നം.28/2016/ധന.

2 28.04.2017-ലെ സ.ഉ(പി) നം.56/2017/ധന.

3 21.07.2018-ലെ സ.ഉ(പി) നം.112/2018/ധന.

4 09.07.2019-ലെ സ.ഉ(പി) നം.81/2019/ധന.

5 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.11.2018, 15.06.2019, 04.10.2019, 04.12.2019 എന്നീ തീയ്യതികളിലെ 3600/ബി/3600/എസ്.എം. നം. കത്തുകൾ.

<u>ഉത്തരവ്</u>

സംസ്ഥാന ശുചിത്വ മിഷനിൽ Communication and Capacity Development Unit (CCDU) പ്രോജക്ടിൽ അക്കൗണ്ടന്റായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി ആർ. ചിത്രയുടെ തസ്തിക പരാമർശം (3) ഉത്തരവിലെ കാറ്റഗറി VIII ഓഡിറ്റർ തസ്തികയ്ക്ക് തുല്യമായി സമീകരിച്ച് വേതനം വർദ്ധിപ്പിച്ചു നൽകണമെന്ന് പരാമർശം(6)-ലെ കത്തുകൾ പ്രകാരം ശുചിത്വ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾ, ഫണ്ട് ലഭ്യത എന്നിവയ്ക്ക് വിധേയമായി ശുചിത്വ മിഷന്റെ കീഴിൽ നടപ്പാക്കി വരുന്ന CCDU പ്രോജക്ടിലെ അക്കൗണ്ടന്റ് തസ്തികയെ കാറ്റഗറി III-ൽ ഉൾപ്പെടുത്തി പ്രതിമാസം 20,760/- രൂപ വേതനം അനുവദിക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. സർക്കാർ അനുമതിയോടെ മാത്രമേ ശുചിത്വ മിഷനിലെ വിവിധ പദ്ധതികളിലെ ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുകയും കരാർ കാലാവധി ദീർഘിപ്പിക്കുകയും ചെയ്യാവൂ എന്നും നിർദ്ദേശം നൽകുന്നു.

**File No.LSGD-IA2/184/2018-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി മോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ